# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 16, തിങ്കള്‍

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[**ആകെ ചോദ്യങ്ങള്‍**--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പമന്ത്രി

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി

കാര്‍ഷികനയം

*121. ശ്രീ.മാത്യു റ്റി.തോമസ്
**,,** ജോസ് തെറ്റയില്‍
**,,** സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന് മുന്‍പില്‍ സമര്‍പ്പിക്കപ്പെട്ട കരട് കാര്‍ഷികനയം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതില്‍ ഏതെല്ലാം നിര്‍ദ്ദേശങ്ങളാണ് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) നടപ്പിലാക്കാതെ മാറ്റിവയ്ക്കാന്‍ ഉദ്ദേശിക്കുന്ന നിര്‍ദ്ദേശങ്ങള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കര്‍ഷകര്‍ക്ക് വരുമാനം ഉറപ്പാക്കുന്ന ഇന്‍കം ഗ്യാരന്റി ആക്ട് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ;

(ഇ) കാര്‍ഷിക ഉത്പന്നങ്ങളുടെ സംഭരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ ഓഹരി അവകാശം കര്‍ഷകനു ഉറപ്പാക്കണമെന്ന നിര്‍ദ്ദേശം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

പ്രവാസി പുനരധിവാസപദ്ധതി

*122. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, കെ.വി.അബ്ദുൾ ഖാദർ

,, എ. പ്രദീപ്കുമാർ

,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസപദ്ധതി കൊണ്ട് എന്തെല്ലാമാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രവാസി പുനരധിവാസപദ്ധതിയുടെ പ്രയോജനം അവർക്ക് ലഭിച്ചു തുടങ്ങിയോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ ;

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ പഠിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പഠിക്കുന്നതിനും അവ വേഗത്തിൽ പരിഹരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

<u>ജൈവവളങ്ങളുടെ ഗുണനിലവാരം</u>

*123. ശ്രീ.എൻ. ഷംസുദ്ദീൻ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള

,, സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ജൈവകൃഷിയിലേക്ക് മാറുന്ന സാഹചര്യം മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ പേരുകളിൽ മായം ചേർത്ത ജൈവവളം സംസ്ഥാനത്ത് വിറ്റഴിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ജൈവകൃഷിക്ക് ആവശ്യമായ ജൈവവളം, ജൈവമാലിന്യങ്ങൾ സംസ്കരിച്ച് സംസ്ഥാനത്ത് തന്നെ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ ?

<u>പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം</u>

*124. ശ്രീ.ജി.സുധാകരൻ

,, എ.കെ.ബാലൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ ; എങ്കിൽ വിശദമാക്കാമോ ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരായുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത തീരുമാനം മൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും കണക്ക് ലഭ്യമാണോ ;

(ഡി) വൈകി ആരംഭിച്ച പുനർനിർണ്ണയവും പുതിയ തദ്ദേശസ്ഥാപനങ്ങൾ രൂപീകരിക്കലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് തടസ്സമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്

*125. ശ്രീ.ടി.വി.രാജേഷ്

ഡോ.ടി.എം.തോമസ് ഐസക്

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിലെ പോലെ നടപ്പ് സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ് കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ സംഭവിക്കാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുകയും അത് ചെലവഴിക്കാൻ യാതൊരു നടപടിയും എടുക്കാതെ പോകുന്നതുമായ നയം തിരുത്താൻ തയ്യാറാകുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

## കുടുംബശ്രീ പെൻഷൻ പദ്ധതി

*126. ശ്രീ.പി.സി. ജോർജ്

,, റോഷി അഗസ്റ്റിൻ

,, എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(സി) 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മുഖാന്തിരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

<u>ശിശുക്ഷേമസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രെഷുകൾ</u>

*127. ശ്രീമതി.കെ.കെ.ലതിക

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി

,, കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമസമിതിയുടെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ക്രെഷുകളിൽ നിലവിൽ നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ബി) ക്രെഷ് പ്രവർത്തിക്കുന്നതിനായി സർക്കാരിൽ നിന്നും നൽകിവരുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ തുക ക്രെഷിന്റെ നടത്തിപ്പിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ക്രെഷുകളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ?

<u>ഗ്രാമീണ മേഖലാ വികസനപദ്ധതികൾ</u>

*128. ശ്രീ.കെ.അച്ചുതൻ

,, ജോസഫ് വാഴയ്ക്കൻ

,, ടി.എൻ. പ്രതാപൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 - ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>കാർഷിക കടാശ്വാസ പദ്ധതി</u>

*129. ശ്രീ.കെ.ശിവദാസൻ നായർ

,, പി.എ.മാധവൻ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) കടക്കെണിയിലായ കർഷകരുടെ ആത്മഹത്യ തടയുന്നതിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കാർഷിക കടാശ്വാസ കമ്മീഷൻ ആവിഷ്ക്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) കാർഷികേതര വായ്പകൾക്ക് സഹായം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) കാർഷിക കടം എഴുതി തള്ളുമ്പോൾ അർഹതിയല്ലാത്ത വൻകിട കർഷകർ നേട്ടമുണ്ടാക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

<u>തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക</u>

*130. ശ്രീ.കെ.കെ.നാരായണൻ

,, കെ.രാധാകൃഷ്ണൻ

,, എം.ചന്ദ്രൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം തൊഴിൽ ദിനങ്ങൾ കുറയുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

## വഴിവാണിഭം

T *131. ശ്രീമതി.ജമീല പ്രകാശം

ശ്രീ.സി.കെ.നാണു

,, ജോസ് തെറ്റയിൽ

,, മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിവാണിഭം സംബന്ധിച്ച് സുപ്രീംകോടതിയുടെ 1989-ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

## ഖരമാലാന്യങ്ങൾ സംസ്കരിക്കൽ

*132. ശ്രീ.അൻവർ സാദത്ത്

,, വി.ഡി.സതീശൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിൽ ഖരമാലാന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിന് ആരെല്ലാമാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ?

<u>പഞ്ചായത്തുകളിൽ വൈ-ഫൈ നെറ്റ് വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും</u>

*133. ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും വൈ-ഫൈ നെറ്റ് വർക്ക് സൗകര്യവും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) 2015-16 സാമ്പത്തിക വർഷം ഈ ലക്ഷ്യം മുൻ നിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം</u>

*134. ശ്രീ.ജി.എസ്.ജയലാൽ
,, വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങൾക്ക് സമീപം കാർഷികാവശ്യത്തിന് രാസവളവും വീര്യം കൂടിയ കീടനാശിനികളും ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>പച്ചക്കറി സംഭരണ സംവിധാനങ്ങൾ</u>

*135. ശ്രീ.വി.ചെന്താമരാക്ഷൻ
,, വി.ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ സംഭരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) സംഭരണ ശാലകളിൽ എത്തപ്പെടുന്ന പച്ചക്കറി മുഴുവനും സംഭരിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) പച്ചക്കറി സംഭരിച്ച ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടുന്ന കുടിശ്ശിക തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ സ്വകാര്യ ഏജൻസികൾ മുഖേന സംഭരണം നടത്താറുണ്ടോ; വിശദമാക്കാമോ?

<u>വയോമിത്രം പദ്ധതി</u>

*136. ശ്രീ.വി.ശശി

,, ഇ.ചന്ദ്രശേഖരൻ

,, ഇ.കെ.വിജയൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതെന്നാണ്; പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) വയോമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് ഇനി എത്ര കാലം വേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ?

<u>നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

*137. പ്രൊഫ.സി.രവീന്ദ്രനാഥ്

,, എം.ചന്ദ്രൻ

,, കെ. ദാസൻ

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ലിന്റെ വിലയായി ഇപ്പോൾ എന്ത് തുകയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ;

(സി) നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശിക എത്ര; യഥാസമയം കർഷകർക്ക് നെല്ലുവില ലഭ്യമാക്കുന്നതിനു വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം</u>

*138. ശ്രീ.രാജു എബ്രഹാം

,, ഇ.പി.ജയരാജൻ

,, കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികകടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം കാലാവധി അവസാനിച്ചുവോ;

(ബി) മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ ഇടയായ സാഹചര്യങ്ങളിൽ മാറ്റം വന്നതായി കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ മൊറട്ടോറിയം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ഡി) ഇന്ത്യൻ ബാങ്കുകൾക്ക് പരമാവധി പ്രവർത്തന സ്വാതന്ത്ര്യം നൽകാനുള്ള കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം കർഷകർക്കുള്ള വായ്പാ ലഭ്യതയെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം</u>

*139. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, എ.കെ.ബാലൻ

,, എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദമാക്കാമോ;

(ബി) തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ്; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ഡി) നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി ഏതെല്ലാം പഞ്ചായത്തുകളെ വിഭജിക്കേണ്ടതുണ്ട്; എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി രൂപീകരിക്കാം;

(ഇ) ഇതിനുള്ള ശിപാർശകൾ തയ്യാറാക്കിയത് ആരാണ്; ശിപാർശകളിന്മേൽ പൊതുജനാഭിപ്രായം തേടുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(എഫ്) പുതിയ തദ്ദേശ സ്ഥാപനങ്ങൾ എന്നു മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ?

## റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി

*140. ശ്രീ.സാജു പോൾ

,, കെ.കെ.ജയചന്ദ്രൻ

,, ബി.ഡി. ദേവസ്സി

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഇറക്കുമതി നിരോധിക്കുകയോ ലോകവ്യാപാര കരാറിലെ വ്യവസ്ഥകളനുസരിച്ച് അധികച്ചുങ്കം ഏർപ്പെടുത്തുകയോ ചെയ്യാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) 2015 -16 വർഷത്തേക്കുള്ള കേന്ദ്രബജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു;വിശദമാക്കാമോ;

(സി) റബ്ബർ കർഷക രക്ഷക്കായി റബ്ബറൈസ്ഡ് ടാർ ഉപയോഗിച്ച് റോഡ് നിർമ്മിക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

## തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി

*141. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, വി.ഡി.സതീശൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

*142. ശ്രീ.ഷാഫി പറമ്പിൽ

,, ഐ.സി.ബാലകൃഷ്ണൻ

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സഹകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ?

## അൾട്ടീരിയ **2014**

*143. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മമ്മൂട്ടി

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ നഗരങ്ങൾ സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും നഗരകാര്യ വകുപ്പ് പരിഗണിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) തലസ്ഥാന നഗരത്തിന്റെ തനത് സൗന്ദര്യവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ച് നിലനിർത്തുന്നതിനായി പ്രഖ്യാപിച്ച 'അൾട്ടീരിയ 2014' എന്ന പദ്ധതിയുടെ കാര്യത്തിൽ വകുപ്പിന്റെ സഹകരണം തേടിയിട്ടുണ്ടോ ;

(സി) നഗരങ്ങളുടെ വികസന പ്രക്രിയയിൽ അവയുടെ തനത് സൗന്ദര്യവും പഴമയും സാംസ്കാരിക പൈതൃകവും നിലനിർത്തേണ്ടത് വിനോദസഞ്ചാരമുൾപ്പെടെയുള്ള മേഖലകളുടെ സമൂല വളർച്ചക്ക് അത്യന്താപേക്ഷിതമായതിനാൽ അൾട്ടീരിയ 2014 പോലുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ സഹകരണത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുമോ ?

<u>സമഗ്ര പോഷകാഹാര നയം</u>

*144. ശ്രീ.വർക്കല കഹാർ

,, ലൂഡി ലൂയിസ്

,, ആർ . സെൽവരാജ്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ;

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

<u>പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം</u>

*145. ശ്രീ.സി.കെ സദാശിവൻ

,, ജി.സുധാകരൻ

,, ആർ. രാജേഷ്

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കുട്ടനാട് മേഖലയിൽ താറാവ് കൃഷി പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത മേഖലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പക്ഷിപ്പനി ആവർത്തിക്കപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>നെൽകർഷകരുടെ പ്രശ്നപരിഹാര നടപടികൾ</u>

*146. ശ്രീ.മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ശിപാർശ നടത്തുമോ ?

<u>പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന</u>

*147. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, ആർ . സെൽവരാജ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട എത്ര ഗ്രാമീണ റോഡുകളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രവും സംസ്ഥാനവും എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ?

<u>കോർപ്പറേഷൻ / മുനിസിപ്പാലിറ്റി രൂപീകരണം</u>

*148. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, വി.ശിവൻകുട്ടി
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കോർപ്പറേഷനുകളെ വിഭജിച്ച് പുതിയതായി മുനിസിപ്പാലിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള കോർപ്പറേഷനുകൾ പ്രസ്തുത നടപടിയിൽ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ **2014-15** ലെ പദ്ധതി വിനിയോഗം</u>

*149. ശ്രീ.എസ്.ശർമ്മ
,, കോടിയേരി ബാലകൃഷ്ണൻ
,, സി.രവീന്ദ്രനാഥ്
,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എന്നായിരുന്നെന്ന് അറിയിക്കുമോ;

(ബി) പദ്ധതി വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ നല്കാമോ; തന്നാണ്ടിലെ പദ്ധതി വിഹിതത്തിൽ നിന്ന് ട്രഷറിയിൽ നിന്നും മാറിയെടുത്തതായ മൊത്തം തുക സംബന്ധിച്ച വിവരം ലഭ്യമാണോ; വ്യത്യസ്ത അക്കൗണ്ടുകളായി ചെലവഴിക്കാതെ കിടപ്പുള്ള മൊത്തം തുകയെത്ര;

(സി) തന്നാണ്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവ് ചെയ്യുകയുണ്ടായിട്ടുണ്ട്; മുൻവർഷത്തെ സ്പിൽഓവർ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിവരം ലഭ്യമാണോ;

വിശദമാക്കാമോ;

(ഡി) പദ്ധതി പണവിനിയോഗം തൃപ്തികരമാണോ;ഇതു സംബന്ധിച്ച് സർക്കാറിന്റെ വിലയിരുത്തൽ എന്താണ്;

(ഇ) സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ വിനിയോഗത്തെ ബാധിച്ചിട്ടുണ്ടോ?

<u>കേരസമൃദ്ധി</u>

*150. ശ്രീ.എം.എ. വാഹീദ്

,, അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) നാളികേര വികസനത്തിനും കേര സുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
08-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.